Break the chain

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**

വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 1128/എ2/2022/അഡ്മിൻ. 03.06.2022

## <u>പുനർക്വട്ടേഷൻ നോട്ടീസ്</u>

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - പരിസ്ഥിതിപഠന സ്കൂളിനു കീഴിലുള്ള ഇൻസ്ട്രുമെന്റേഷൻ ലാബ് സജ്ജീകരിച്ചു നൽകുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല പരിസ്ഥിതിപഠന സ്കൂളിനു കീഴിലുള്ള ഇൻസ്ട്രുമെന്റേഷൻ ലാബിലേക്ക് താഴെ പറയുന്ന അടിസ്ഥാനസൗകര്യങ്ങൾ സജ്ജീകരിച്ചു നൽകുന്നതിന് സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

<u>വിശദാംശങ്ങൾ:</u>

1. 110 cm നീളം, 50 cm വീതി, 80 cm ഉയരവുമുള്ള ഇരുമ്പിന്റെ ചട്ടക്കൂടിനു മുകളിൽ കറുപ്പ് നിറത്തോടു കൂടിയ 120 cm നീളം, 60 cm വീതിയുള്ള ഗ്രാനൈറ്റ് സ്ലാബിട്ട ടേബിളുകൾ - 12 എണ്ണം.

   ഗ്രാനൈറ്റ് സ്ലാബിന് കുറഞ്ഞത് 2 cm കനം ഉണ്ടായിരിക്കണം. ഗ്രാനൈറ്റ് സ്ലാബിന്റെ അരികുകൾ ഉരുട്ടി മിനുസപ്പെടുത്തേണ്ടതാണ്. ടേബിളിന്റെ ഫ്രെയിം ഉറപ്പുള്ളതും ഗ്രാനൈറ്റ് സ്ലാബിന്റെയും അവയ്ക്ക് മുകളിൽ വെയ്ക്കുന്ന ഉപകരണങ്ങളുടെയും ഭാരം താങ്ങാൻ കഴിവുള്ളതായിരിക്കണം. ടേബിളിന്റെ ഫ്രെയിമിന്റെ മധ്യത്തിലൂടെ ഗ്രാനൈറ്റ് സ്ലാബിന്റെ നീളത്തിൽ ഒരധിക സപ്പോർട്ട് ഉണ്ടായിരിക്കണം. ഗ്രാനൈറ്റ് സ്ലാബ് തെന്നി മാറാത്ത വിധം ടേബിളിന്റെ ഫ്രെയിമുമായി ബന്ധിപ്പിക്കേണ്ടതാണ്. ടേബിളിന്റെ ഫ്രെയിം പ്രൈമറിനു പുറമെ കറുപ്പ് നിറത്തിലുള്ള പെയിന്റ് അടിക്കേണ്ടതുമാണ്.

2. ലാബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മുറിയുടെ 2 മൂലകളിലും ഉന്നതനിലവാരത്തിലും വെള്ള നിറത്തിലുള്ളതുമായ ഓരോ സെറാമിക് സിങ്ക് മൾട്ടി പർപ്പസ് സ്റ്റീൽ ടാപ്പ് സഹിതം വെയ്ക്കേണ്ടതാണ് (മൊത്തം 2 എണ്ണം). സിങ്കിന്റെ നീളം 50 cm, വീതി 35 cm, ആഴം 15 cm ആയിരിക്കണം. 110 cm നീളവും 50 cm വീതിയും 80 cm ഉയരവുമുള്ള ഇരുമ്പിന്റെ ചട്ടക്കൂടുള്ള മേശയുടെ മുകളിൽ കറുപ്പ് നിറത്തോടു കൂടിയ 120 cm നീളം, 60 cm വീതി, 2 cm കനവുമുള്ള ഗ്രാനൈറ്റ് സ്ലാബിട്ട ടേബിളുകളിലാണ് സിങ്ക് സ്ഥാപിക്കേണ്ടത്.

3. ലാബിലെ ഉപയോഗത്തിലേക്കായി 2 ലബോറട്ടറി സ്റ്റൂളും വിതരണം ചെയ്യേണ്ടതാണ്. (സ്റ്റെയിൻലസ് സ്റ്റീൽ ഹൈറ്റ് അഡ്ജസ്റ്റബിൾ റിവോൾവിംഗ് ലബോറട്ടറി സ്റ്റൂൾ)

ക്വട്ടേഷനുകൾ 15.06.2022 ന് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി സർവകലാശാല ഓഫീസിൽ ലഭിച്ചിരിക്കണം. <u>**“ഇൻസ്ട്രുമെന്റേഷൻ ലാബ് സജ്ജീകരിച്ചു നൽകുന്നതിനുള്ള ക്വട്ടേഷൻ”**</u> എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്ന് 3 മണിക്ക് തന്നെ തുറക്കുന്നതും ഏറ്റവും കുറവ് സംഖ്യ

*(തുടർച്ച....2)*

ക്വാട്ട് ചെയ്ത സ്ഥാപനത്തിന്/വ്യക്തിക്ക് കരാർ ഉറപ്പിച്ച് നൽകുന്നതുമാണ്. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം സർവകലാശാല വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കും. കരാർ ലഭിക്കുകയാണെങ്കിൽ അനുമതി കത്ത് ലഭിച്ച് ഒരാഴ്ചയ്ക്കകം പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചു നൽകേണ്ടതാണ്.

കൂടുതൽ വിവരങ്ങൾ ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

രജിസ്ട്രാർ ഇൻ ചാർജ്

വി.സി. കാര്യാലയം/മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/ഫ്രണ്ട് ഓഫീസ്/
മലയാളസർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ്/അക്കൗണ്ട്സ്/പി.ആർ.ഒ./എ.എ.ഒ./
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/എസ്റ്റേറ്റ് ഓഫീസർ/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ/കരുതൽ രേഖ